# 9

# പുതിയ നിയമം ശ്രേഷ്ഠവും പുതിയതും ആയ വഴി

*“അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ, അതിന്റെ വിശേഷതക്കു ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു, എങ്കിൽ രണ്ടാമത്തേതിന്നു ഇടം അന്വേഷിക്കയില്ലായിരുന്നു” (എബ്രായർ 8:6, 7).*

പഴയ നിയമത്തിന്റെ സഫലീകരണമാണ് പുതിയ നിയമമെങ്കിൽ, പിന്നെ ദൈവം എന്തിനാണ് അതു നല്കുന്നത്? രണ്ടാമത്തേതു ഒന്നാമത്തേതു പോലെയാണെങ്കിൽ, അതു അനാവശ്യമാകും. പഴയ നിയമം അതിന്റെ ഉദ്ദേശം നിറവേറ്റി, അങ്ങനെ ദൈവം പുതിയതും വ്യത്യസ്തവുമായ ഒരു നിയമം കൊണ്ടുവന്നു.

പഴയ നിയമത്തിലെ, കല്പനകളും നിയമാവലികളും പുതിയ നിയമത്തിനോടു ചില സാമ്യം കാണാം; പക്ഷെ, അതിലും മുഖ്യമായ വ്യത്യാസങ്ങൾ, ഉദ്ദേശം, സമീപനം - മിക്ക തെളിവുകളും - പാപമോചനത്തിനു ആവശ്യപ്പെടുന്ന കാര്യങ്ങളിലും ആകെ[1] ഇതിനു പുറമെ ഈ നിയമങ്ങൾ തമ്മിൽ പല വ്യത്യാസങ്ങൾ ഉണ്ട്. ചിലതു നിഴലും പൊരുളും ആയി താരതമ്യം ചെയ്യാം (ഈ ലക്കത്തിൽ തന്നെയുള്ള ചാർട്ട് നോക്കുക).

### “ന്യായപ്രമാണവും” “നിയമവും” എന്ന വാക്കുകൾ

പുതിയ നിയമത്തിൽ, ‘‘ന്യായപ്രമാണം’’ എന്ന് ഉപയോഗിച്ചിരിക്കുന്നത് മോശെ മുഖാന്തരം ദൈവം യിസ്രായേൽ മക്കൾക്കു നല്കിയ ന്യായപ്രമാണങ്ങളിൽ ഏതെങ്കിലും അല്ലെങ്കിൽ മുഴുവനും ആയോ സൂചിപ്പിക്കുന്നു. ഇതിൽ നിയമം ആയി ദൈവം

രൂപപ്പെടുത്തിയതെല്ലാം ഇവയിലുണ്ട് - പത്തു കല്പനയിൽ മാത്രമല്ല, ദൈവത്തിന്റെ എല്ലാം ഗൗരവമായി കാണണം അവ, പ്രമാണങ്ങൾ "ചട്ടങ്ങൾ," "വിധികൾ," "കല്പനകൾ," "ന്യായവിധികൾ," "പ്രമാണങ്ങൾ," "വഴികൾ," "സാക്ഷ്യങ്ങൾ" എന്നിവ പറഞ്ഞിരിക്കുന്നു.

തന്റെ ഗിരിപ്രഭാഷണത്തിൽ യേശു ന്യായപ്രമാണത്തെ പറ്റി പറയുന്നുണ്ട് (മത്തായി 5:17). അവൻ പിന്നെ, പത്തു കല്പനകളിൽ രണ്ടെണ്ണം ഉദ്ധരിച്ചു: "നിങ്ങൾ കുല ചെയ്യരുത്" "വ്യഭിചാരം ചെയ്യരുത്" (മത്തായി 5:21, 27). ഉപേക്ഷണ ''പത്രം,'' ''കള്ള പ്രതിജ്ഞ,'' "പ്രതിജ്ഞ" നിറവേറ്റൽ, "കണ്ണിനു പകരം കണ്ണ്," "പല്ലിനു പകരം പല്ല്," കൂട്ടുകാരനെ സ്നേഹിക്ക എന്നു പറയുന്നുണ്ട് (മത്തായി 5:31, 33, 38, 43). ന്യായപ്രമാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട കല്പന, "നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്ക'' (മത്തായി 22:37, 38), എങ്ങനെയായാലും, അതു പത്തു കല്പനകളിൽ ഇല്ല, പുരോഹിതന്മാരെ ശബ്ബത്തു ലംഘിക്കുവാൻ അനുവദിച്ചിരുന്നു എന്നു യേശു പറഞ്ഞു (മത്തായി 12:5), ശബ്ബത്തിൽ മൃഗയാഗം അർപ്പിച്ചിരുന്നു (സംഖ്യാപുസ്തകം 28:9, 10) പൗലൊസ് ന്യായപ്രമാണം ഉദ്ധരിച്ചപ്പോൾ (''മോഹിക്കരുത്''; റോമർ 7:7), അവൻ പറഞ്ഞതു പത്തു കല്പനകളെയാണ് സ്നേഹം "ന്യായപ്രമാണത്തെ" തികക്കുന്നു എന്ന് അവൻ എഴുതി, അതെന്താണെന്നു "ന്യായപ്രമാണത്തിലെ" പത്തു കല്പനകളിലെ നാലും ഉദ്ധരിച്ചു കാണിച്ചു (റോമർ 13:8, 9). യാക്കോബും ''ന്യായപ്രമാണം'' എന്നു പറയുമ്പോൾ പത്തു കല്പനകളെയും ഉൾപ്പെടുത്തിയതായി പറയുന്നു (യാക്കൊബ് 2:10, 11). യേശുവും ഈ എഴുത്തുകാരും വ്യത്യാസം വരുത്താൻ, പഴയ നിയമത്തിലെ ഏതു ഭാഗവും ന്യായപ്രമാണം എന്ന് പരിഗണിച്ചിരുന്നു.

ഒരു നിയമത്തിലും ''മോശെയുടെ ന്യായപ്രമാണവും'' "കർത്താവിന്റെ ന്യായപ്രമാണവും" വ്യത്യാസമുള്ളതായി കാണിക്കുന്നില്ല. ആ വാക്കുകൾ മാറിമാറി ഉപയോഗിച്ചിരിക്കുന്നു എന്നു മാത്രം (ലൂക്കൊസ് 2:22-24). ന്യായപ്രമാണം ആരംഭിച്ചതു ദൈവത്തിൽ നിന്നാണ്, അതുകൊണ്ടു മോശെയുടേതല്ല. ''മോശെയുടെ ന്യായപ്രമാണ പുസ്തകത്തിൽ" എഴുതിയിരിക്കുന്നതെല്ലാം യഹോവ കല്പിച്ചതായിരുന്നു (2 രാജാക്കന്മാർ 14:6). അതുകൊണ്ടാണ്, "മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, നിന്റെ ദൈവമായ യഹോവയുടെ വഴികളിൽ നടന്നു അവന്റെ ചട്ടങ്ങളും കല്പനകളും വിധികളും സാക്ഷ്യങ്ങളും പ്രമാണിച്ചുകൊണ്ടു, അവന്റെ ആജ്ഞ അനുസരിച്ചു കൊൾക''എന്ന് ശലോമോനു പറയുവാൻ കഴിഞ്ഞത് (1 രാജാക്കന്മാർ 2:3; കൂടാതെ 2 ദിന വൃത്താന്തങ്ങൾ 33:8). "മോശെ മുഖാന്തരം യഹോവ കൊടുത്ത ന്യായപ്രമാണ പുസ്തകത്തിൽ ഇവയെല്ലാം ഉണ്ട്" (2 ദിന വൃത്താന്തങ്ങൾ 34:14). "ന്യായപ്രമാണ പുസ്തകം" (2 രാജാക്കന്മാർ 22:11) "നിയമ പുസ്തകം" എന്നു അറിയപ്പെടുന്നു (2 രാജാക്കന്മാർ 23:2).

"ദൈവമായ യഹോവ മോശെ മുഖാന്തരം നല്കിയ മോശെയുടെ ന്യായപ്രമാണത്തിൽ വിദഗ്ധനായിരുന്നു എസ്രാ'' (എസ്രാ 7:6).

"യഹോവ യിസ്രായേലിന്നു നല്കിയ മോശെയുടെ ന്യായപ്രമാണം കൊണ്ടുവരുവാൻ രാജാവു കല്പിക്കയുണ്ടായി" പിന്നീട്, ഈ പ്രസ്താവന കാണുന്നു: "അവർ ന്യായപ്രമാണ പുസ്തകം, വായിച്ചു" (നെഹെമ്യാവു 8:1, 8; കൂടാതെ വാക്യം 14, 18; 10:29, 34). ഈ വാക്യ ങ്ങളിൽ നിന്നും, മോശെയുടെ ന്യായപ്രമാണവും യഹോവയുടെ ന്യായപ്രമാണവും ഒന്നു തന്നെ എന്നു വ്യക്തം.

പുതിയ നിയമവും "ഒന്നാമത്തേത്," "പഴയത്" എന്ന് നിയമ ത്തെക്കുറിച്ചു പറഞ്ഞതിൽ പത്തു കല്പനകളും ഉൾപ്പെടുന്നു "മോശെയുടെ ന്യായപ്രമാണ പുസ്തകം," "യഹോവയുടെ ന്യായ പ്രമാണ പുസ്തകം," "നിയമ പുസ്തകം" എന്നിവ മൂന്നു പുസ്ത കങ്ങൾ അല്ല, മറിച്ചു ഒന്നു തന്നെ. ന്യായപ്രമാണത്തിൽ, ദൈവം മോശെയോടു കല്പിച്ച പത്തു കല്പനകളും, അതിനു പുറമെ അരുളിച്ചെയ്ത കല്പനകളും ഉൾപ്പെടുന്നു. അതു സത്യമായതുകൊണ്ട് "നിയമം" എന്നവാക്ക് എപ്പോഴുമില്ലെങ്കിലും, പഴയ നിയമവും പുതിയ നിയമവും താരതമ്യം ചെയ്യാം.

രണ്ടു നിയമങ്ങളെയും പരിഗണിച്ചുകൊണ്ട്, യേശു മദ്ധ്യസ്ഥനായ പുതിയ നിയമത്തെക്കുറിച്ചു എബ്രായ ലേഖകൻ ഇങ്ങനെ പറഞ്ഞു: "അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട, നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകയാൽ അതിന്റെ വിശേഷതക്കു ഒത്തവണ്ണം, വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു" (എബ്രായർ 8:6).

## നിയമങ്ങളുടെ ഒരു താരതമ്യം

| പഴയ നിയമം | പുതിയ നിയമം |
|---|---|
| 1. ദൈവം ആദ്യമായി *ചെയ്ത* നിയമം (ആവർത്തന പുസ്തകം 5:2). | 1. ദൈവം പുതിയ ഒരു നിയമം *ചെയ്തു* (യിരെമ്യാവു 31:31). |
| 2. *യിസ്രായേൽ മിസ്രയിം വിട്ട പ്പോൾ ഇതു നിലവിൽ വന്നു.* "യിസ്രായേൽ മക്കൾ മിസ്രയി മിൽ നിന്നു പുറപ്പെട്ടശേഷം ദൈവം അവരോടു നിയമം ചെയ്തു" (1 രാജാക്കന്മാർ 8:9). | 2. യേശു ക്രൂശിൽ മരിച്ച ശേഷം ഇതു നിലവിൽ വന്നു. "നിയമം ഉള്ളേടത്തു നിയമ കർത്താ വിന്റെ മരണം തെളിവാൻ ആവശ്യം. മരിച്ചശേഷ മല്ലൊ നിയമം സ്ഥിരമാകുന്നതു; നിയമ കർത്താവിന്റെ ജീവകാല ത്തോളം അതിന്നു ഉറപ്പില്ല" (എബ്രായർ 9:16, 17). |
| 3. മോശെ ആയിരുന്നു *മദ്ധ്യസ്ഥൻ* (ആവർത്തന പുസ്തകം 5:5). | 3. യേശുവാണ് *മദ്ധ്യസ്ഥൻ* (എബ്രാ യർ 12:22–24). |
| 4. ആദ്യത്തേതു *മൃഗരക്തത്താൽ* | 4. രണ്ടാമത്തേതു *യേശുവിന്റെ രക്ത* |

പ്രതിഷ്ഠിച്ച "മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു ഈ സകല വചനങ്ങളും ആധാര മാക്കി യഹോവ 'നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു ...' " (പുറപ്പാട് 24:8).

5. ആദ്യത്തേതു *യിസ്രായേലുമായി* ചെയ്തതായിരുന്നു (1 രാജാക്ക ന്മാർ 8:9).

6. *ന്യായപ്രമാണ കല്പനകൾ* അനു സരിക്കുക എന്നതായിരുന്നു ഇസ്രായേലിൽ നിന്നും ആവശ്യ പ്പെട്ടത്. "നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന്നു അവൻ നിങ്ങ ളോടു കല്പിച്ചു തന്റെ നിയമ മായ കല്പന; ..."
(ആവർത്തന പുസ്തകം 4:13, 14).

7. അനുസരണത്തിനുള്ള അനുഗ്ര ഹം യിസ്രായേൽ ദേശത്ത് ദീർഘായുസും സമ്പൽ സമൃ ദ്ധിയും ആയിരുന്നു. " 'നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും നിങ്ങ ൾക്കു നന്നായിരിക്കേണ്ടതിനും ദേശത്തു ദീർഘായുസ്സോടിരി ക്കേണ്ടതിനും, നിങ്ങളുടെ ദൈവ മായ യഹോവ കല്പി ച്ചിട്ടുള്ള വഴികളിലും നടന്നു കൊൾവിൻ' " (ആവർത്തന പുസ്തകം 5:33).

8. അനുസരണക്കേടിനുള്ള ശിക്ഷ താല്ക്കാലികവും അവസാനം ദേശത്തു നിന്നു പുറത്താക്കി അടിമകളാക്കുന്നു. അവർ ദൈവ കല്പന അനുസരി ക്കാതെ ലംഘിച്ചാൽ അവൻ

*ത്താൽ പ്രതിഷ്ഠിച്ചു.* അവർക്കു കൊടുത്തു; എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേ കർക്കു വേണ്ടി പാപമോചനത്തി നായി ചൊരിയുന്ന പുതിയ നിയ മത്തിനുള്ള എന്റെ രക്തം (മത്തായി 26:27, 28).

5. രണ്ടാമത്തേത് *സകല ജനത്തിനു മായിട്ടാണ്* (മർക്കൊസ് 6:15).

6. എല്ലാ ആളുകളും അനുസരി ക്കേണ്ടതു യേശുവിന്റെ *കല്പന കൾ* സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ എന്നാ ണ് യേശു തന്റെ അനുയായിക ളിൽ നിന്നാവശ്യപ്പെടുന്നത്, "ഞാൻ നിങ്ങ ളോടു കല്പിച്ച തൊക്കെയും പ്രമാണിപ്പാൻ തക്ക വണ്ണം സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ" (മത്തായി 28:19, 20).

7. അനുസരണത്തിന്റെ അനു ഗ്രഹ ങ്ങൾ ഈ ലോകത്തിലും, വരുവാ നുള്ള ലോകമായ സ്വർഗ്ഗത്തിനും നിത്യജീവനും ദൈവത്തിന്റെ കരു തലും 'ദൈവം ... സ്വർഗ്ഗത്തിൽ സൂ ക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലി ന്യം, വാട്ടം. എന്നിവ ഇല്ലാത്തതു മായ അവകാശത്തിനായി വീണ്ടും ജനിപ്പിച്ചിരിക്കുന്നു" (1 പത്രൊസ് 1:3, 4).

8. അനുസരണക്കേടിനുള്ള ശിക്ഷ നരകത്തിൽ നിത്യദണ്ഡനമാണ്. "അവരുടെ ദണ്ഡന ത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; അവർക്കു രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല"

അവരെ കഠിനമായി ശിക്ഷിക്കും എന്നു പറഞ്ഞിരുന്നു (ലേവ്യാ പുസ്തകം 26:14–33). അവർ മാറിയില്ലെങ്കിൽ യിസ്രായേലിനെ അവൻ ജാതികൾക്കിടയിൽ ചിതറിച്ചു കളയും എന്നു പറഞ്ഞു (ലേവ്യാ പുസ്തകം 26:33).

(വെളിപ്പാട് 14:11); "അവർ നിത്യ ദണ്ഡനത്തിലേക്കു പോകും" (മത്തായി 25:46).

9. ഇതിൽ ഉൾപ്പെട്ടവർ *യിസ്രായേൽ മക്കൾ* (1 രാജാക്കന്മാർ 8:9). അവൻ യാക്കൊബിന്റെ പേർ മാറ്റി യിസ്രായേൽ എന്നാക്കി അവന്റെ സന്തതി പരമ്പരകൾ ആയിരുന്നു (ഉല്പത്തി 32:28).

9. ഇതിൽ ഉൾപ്പെട്ടവർ *ദൈവ മക്കൾ.* "നാം മക്കൾ എങ്കിലോ, അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികൾ തന്നെ" (റോമർ 8:16, 17).

10. ഇവിടെ മക്കൾ ആകുന്നതു *ഭൗതിക ജനനത്താലാകുന്നു.* പൗലൊസ് പറയുന്നതു "ജഡപ്രകാരം, തന്റെ ചാർച്ചക്കാരായ യിസ്രായേല്യർ" എന്നാണ് (റോമർ 9:3, 4).

10. ഇവിടെ മക്കൾ ആകുന്നതു *ആത്മീയ ജനനത്താലാകുന്നു.* "ജഡപ്രകാരം ജനിച്ച മക്കൾ അല്ല, ദൈവത്തിന്റെ മക്കൾ" (റോമർ 9:8)."അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്" (യോഹന്നാൻ 1:13; ഗലാത്യർ 3:26, 27).

11. പുത്രത്വത്തിന്റെ അടയാളവും മുദ്രയും *പരിഛേദനയായിരുന്നു* " 'നിങ്ങളുടെ അഗ്രചർമ്മം അതു പരിഛേദന ചെയ്യേണം എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആകുന്നു' " (ഉല്പത്തി 17:11).

11. *പരിശുദ്ധാത്മാവെന്ന ദാനമാകുന്നു* മുദ്ര. "അവൻ ... നമ്മെ മുദ്രയിലും ആത്മാവെന്ന അച്ചാരം നമ്മുടെ ഹൃദയത്തിൽ തന്നുമിരിക്കുന്നു" (2 കൊരിന്ത്യർ 1:21, 22); "തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ, പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടുമിരിക്കുന്നു" (എഫെസ്യർ 1:13, 14; കൂടാതെ ഗലാത്യർ 4:6).

12. ആദ്യത്തേതു ശിക്ഷയും മരണവും നടപ്പാക്കിയിരുന്നു. "എന്നാൽ കല്ലിൽ അക്ഷരമായി

12. രണ്ടാമത്തേതു *ആത്മാവിന്റേതു നീതിയുടേയും നടത്തിപ്പായിരുന്നു.* "ആത്മാവിന്റെ അധികം

കൊത്തിയ മരണ ശുശ്രൂഷ നീക്കം വരുന്നതായിരുന്നു ..." 2 കൊരിന്ത്യർ 3:7); "ശിക്ഷാ വിധിയുടെ ശുശ്രൂഷ തേജസ്സുള്ള തായിരുന്നു" (2 കൊരിന്ത്യർ 3:9).

തേജസുള്ളതാകയില്ലയോ? ... നീതി യുടെ ശുശ്രൂഷ അധികം തേജസ്സേറിയതായിരിക്കും" (2 കൊരിന്ത്യർ 3:8, 9).

## ശ്രേഷ്ഠതയുള്ള ഒരു നിയമം

ആദ്യത്തെ നിയമം വിധിക്കുന്ന പ്രവൃത്തികൾ ഉള്ളതും (ലേവ്യാപുസ്തകം 19:15) സമൂഹത്തിൽ ശിക്ഷ നടപ്പാക്കുകയും ചെയ്തിരുന്നു (സംഖ്യാപുസ്തകം 15:30, 31). അതിലെ കല്പനകൾ എല്ലാം തന്നെ ഒരു ദേശത്തുള്ള ആളുകൾ, എങ്ങനെ ദൈവത്തോടും സഹമനുഷ്യരോടും ഇടപെടണം എന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചി രിക്കുന്നു. രണ്ടാമത്തേത് നമ്മുടെ ഹൃദയ വിചാരണങ്ങളുടെ ഫലമായി ദൈവത്തോടും മറ്റുള്ളവരോടും ഉള്ള ബന്ധം നാം പുലർത്തുന്നു. പുതിയ നിയമത്തിൽ, ന്യായവിധിയും (മത്തായി 7:1). ശിക്ഷയും ദൈവ ത്തിനായി വിട്ടിരിക്കുന്നു (റോമർ 12:19; 2 തെസ്സലൊനിക്യർ 1:7, 8), അവന്നു മാത്രമെ ഹൃദയങ്ങളെ അറിയാവു (1 ശമുവേൽ 16:7).

ആദ്യത്തേതു, പാപിയായ മനുഷ്യനു എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നതിൽ ബലഹീനമായിരുന്നു. രണ്ടാമത്തേതു യേശുവിന്റെ ശക്തിയാൽ ആവശ്യമുള്ളതെല്ലാം ചെയ്യുവാൻ കഴി യുന്നു: "ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാത്തതിനെ, സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപ ജഡ ത്തിന്റെ സാദൃശത്തിലും, പാപം നിമിത്തവും അയച്ചു" (റോമർ 8:3).

## ശ്രേഷ്ഠമായ ഒരു ഉദ്ദേശം

ദൈവം തന്നെകുറിച്ചുള്ള ഒരു നിയമം തന്നിരുന്നോ? (എബ്രായർ 8:7 നോക്കുക.) ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ, അതു ഉണ്ടാക്കിയ ഉദ്ദേശം പൂർണ്ണമായി നിറവേറ്റി. ന്യായപ്രമാണത്തിലൂടെ, എന്താണ് പാപമെന്നും (റോമർ 7:7 നോക്കുക). പാപിയാകുക എന്നതും എങ്ങനെ എന്നു കാണി ച്ചു കൊടുത്തു (റോമർ 7:13). "ന്യായപ്രമാണത്താലത്രെ പാപത്തെ സംബന്ധിച്ചു അറിവുണ്ടാകുന്നത്" (റോമർ 3:20). ഈ വിധത്തിൽ, തന്റെ സ്വഭാവത്തിനു പാപം എങ്ങനെ എതിരാകുന്നുവെന്നു അവൻ വെളിപ്പെടുത്തി (റോമർ 3:23), അതെങ്ങനെ തന്റെ ഹിതത്തെ ലംഘി ക്കുന്നു എന്നും (റോമർ 4:15), പാപം എത്ര ഘോരമാണെന്നും (റോമർ 7:13). പാപത്തിന്റെ ഭീകരത്വം എന്ന നിലവാരമാണ് ന്യായപ്രമാണം നല്കിയത് "അതു അതിക്രമങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതാണ്" (ഗലാ ത്യർ 3:19). അതു നിമിത്തം, സകല മനുഷ്യരെയും പാപത്തിൽ അടച്ചു കളഞ്ഞു (ഗലാത്യർ 3:22) അതു ദൈവ പദ്ധതി പ്രകാരം രക്ഷകൻ വന്നു അവരെ ശിക്ഷയിൽ നിന്നു വീണ്ടെടുക്കുന്നതിലൂടെയാണ്.

ന്യായപ്രമാണം നമ്മെ, ഒരു ശിശുപാലകൻ ആയി വഴി നടത്തി (ഗലാത്യർ 3:23, 24), അതു സന്തതിയായ, യേശു വരുവോളം ആയി

രുന്നു (ഗലാത്യർ 3:19). ഇപ്പോൾ യേശു വരികയും, ന്യായപ്രമാണം അതിന്റെ ഉദ്ദേശം നിറവേറ്റുകയും ചെയ്തു. നാം അതുകൊണ്ട്, ഇനി ശിശുപാലകന്റെ കീഴിൽ അല്ല (ഗലാത്യർ 3:25).

ഒരർത്ഥത്തിൽ, ന്യായപ്രമാണം കുറ്റമറ്റതായിരുന്നു (എബ്രായർ 8:7), പക്ഷെ അതിനു പാപിയെ തികവുള്ളവനാക്കുവാൻ കഴിഞ്ഞില്ല (എബ്രായർ 7:19). ഒരു നിലവാരമായി, ഒരു ലംഘനവുമില്ലാതെ തികഞ്ഞ അനുസരണമാണ് ന്യായപ്രമാണം ആവശ്യപ്പെട്ടത് (ഗലാത്യർ 3:10; യാക്കൊബ് 2:10). നാം പാപ സംബന്ധമായ കുറ്റം ഒന്നും ചെയ്യാതെ ജീവിക്കുന്നില്ല എന്ന നിലയിൽ അതിന്റെ ഉദ്ദേശം നിവൃത്തിയാക്കി (ഗലാത്യർ 3:25), നാം പാപികളാണെന്നും ഒരു രക്ഷകൻ ആവശ്യമാണെന്നും അതു ബോധ്യപ്പെടുത്തുന്നു.

ഈ വിധത്തിൽ ന്യായപ്രമാണത്തിന്റെ ഉദ്ദേശം വിവരിക്കട്ടെ. ഫ്ളോറിഡയിൽ ഉള്ള ഒരാൾ കാനഡയിലുള്ള ഒരാളെ വേനൽക്കാലത്തു സന്ദർശിക്കുവാൻ പോയി. അയാൾ തന്റെ സ്നേഹിതനോടു എനിക്ക് ഈ സ്ഥലം നന്നായി ഇഷ്ടപ്പെട്ടതു കൊണ്ട് എനിക്കു ഫ്ളോറിഡയിൽ ഉണ്ടായിരുന്ന പൈനാപ്പിൾ, ഇവിടെ വന്നു താമസിച്ചു കൃഷി ചെയ്യാമെന്നു വിചാരിക്കുന്നു എന്നു പറഞ്ഞു. സ്നേഹിതനു അതു നല്ല ആശയമായി തോന്നിയില്ല, അദ്ദേഹം പറഞ്ഞു രാജ്യത്തിന്റെ തെക്കേ അറ്റം ചൂടുള്ള പ്രദേശമാണ്, അവിടെ നിങ്ങൾക്കു പൈനാപ്പിൾ കൃഷി ചെയ്യാം. ആദ്യത്തെ വർഷം ശൈത്യം ആദ്യം അസഹനീയമായി മഞ്ഞു വീഴ്ച്ചമൂലം പൈനാപ്പിൾ ഒന്നും കായ്ച്ചില്ല. പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു അടുത്ത വർഷം മഞ്ഞു വീഴ്ച്ച വർഷാവസാനമായിരിക്കും. അടുത്ത വർഷവും അയാൾ തന്റെ കൃഷി ആവർത്തിച്ചു, ഒരു ഫലവുമുണ്ടാവില്ല. പത്തു വർഷം തുടർച്ചയായി കൃഷി ചെയ്ത ശേഷം അയാൾ ഒടുവിൽ പറഞ്ഞു കാനഡയിലെ കാലാവസ്ഥ പൈനാപ്പിൾ കൃഷിക്കു പറ്റിയതല്ല.

വിശ്വാസമുളള, നീതിമാനായ അബ്രഹാമിനെ, ദൈവം തിരഞ്ഞെടുത്തു അവന്റെ സന്തതികളെയും അവർക്കു ചുറ്റുമുളള ദുഷ്ടരെയും ലോകത്തിൽ നിന്നു വേർതിരിച്ചു. അവർ ഭരിക്കപ്പെടേണ്ടതിനു നീതിയുളള നിയമവും അവൻ അവർക്കു കൊടുത്തു കൊണ്ടു താൻ അവരോടു കൂടെ ഇരിക്കും എന്നു വാഗ്ദാനം ചെയ്തു. തങ്ങളുടെ സൽപ്രവൃത്തികൊണ്ട് ആർക്കെങ്കിലും, ദൈവ നീതി കൈവരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ, അതു യിസ്രായേൽ ജനമായിരുന്നു കാരണം അവരെ പാപികളായ ജാതികളിൽ നിന്നു വേർപ്പെടുത്തി അവരുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റി. അത്തരം നേട്ടങ്ങൾ എല്ലാം ഉണ്ടായിട്ടും അവൻ പാപം ചെയ്തു.

ന്യായ പ്രമാണത്തിൻ കീഴിൽ ഒരാൾക്കു രക്ഷ നേടിയെടുക്കുവാൻ സാധ്യമല്ല എന്നു മനസ്സിലാക്കുവാൻ, അവർക്കു മതിയായ വർഷങ്ങൾ കൊടുത്തു. എല്ലാവരും പാപികളാണെന്ന് ദൈവം കാണിച്ചു കൊടുത്തു. നമ്മുടെ സൽപ്രവൃത്തികളാൽ നമുക്കു രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. നമുക്ക് ഒരു രക്ഷകൻ ആവശ്യമാണ്. ഈ വിധത്തിൽ "അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായ

പ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു" (ഗലാത്യർ 3:24). യേശുവിനെ കൂടാതെ ആർക്കും സ്വയമായി രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല എന്ന കാര്യത്തിൽ ആരും തർക്കിക്കുകയില്ല, കാരണം ദൈവം – യിസ്രായേൽ മുഖാന്തിരം – ഏറ്റവും നല്ല സാഹചര്യങ്ങൾ കൊടുത്തിട്ടും അവർ പാപം ചെയ്തു, നീതീകരിക്കപ്പെടുവാൻ യേശുവിന്റെ സഹായം വേണമെന്നു ദൈവം തെളിയിച്ചു.

### ശ്രേഷ്ഠമായ ഒരു സമീപനം

നീതിയോടുള്ള സമീപനത്തിൽ ന്യായപ്രമാണവും പുതിയ നിയമവും വ്യത്യസ്തമാണ്. വ്യത്യാസം ഊന്നലിലാണ്. മനുഷ്യന്റെ പ്രവൃത്തികളെ വാഴുന്ന പ്രമാണങ്ങൾ ഊന്നി പറഞ്ഞിരിക്കുന്നതാണ്. ഒന്നാമത്തെ നിയമം; എന്നാൽ രണ്ടാമത്തേതു ജഡത്തെ നിയന്ത്രിക്കുന്ന നിഷേധഭാവവും ചെറിയ തോതിൽ ക്രിയാത്മകവുമാണ്; രണ്ടാമത്തേതിൽ, ക്രിയാത്മകമായത് മുഖ്യമായും പറയുന്നു, എന്നാൽ തിന്മ പ്രവർത്തിക്കരുത് എന്നു പറയുന്നുണ്ട്; ചെയ്യരുതാത്ത ചില കാര്യങ്ങൾ തന്റെ പ്രഭാഷണത്തിൽ യേശു പറയുന്നുണ്ട്[2] ക്രിസ്ത്യാനികൾ ചെയ്യരുതാത്ത കാര്യങ്ങളെ പൗലൊസും പറയുന്നുണ്ട്.[3] ഇവ "ചെയ്യരുത്" എന്നു പറഞ്ഞിരിക്കുന്ന ഏതാനും ചിലതു മാത്രമാണിത്. പുതിയ നിയമത്തിൽ എങ്ങനെ ജീവിക്കണം എന്നു പറഞ്ഞിരിക്കുന്നതു നിഷേധഭാവത്തേക്കാൾ അധികം ക്രിയാത്മകമായിട്ടാണ്. എന്നാൽ പഴയനിയമപ്രസ്താവനകൾ അധികവും ക്രിയാത്മകതയേക്കാൾ കൂടുതൽ നിഷേധഭാവത്തിലുള്ളതാണ്.

### ശ്രേഷ്ഠ വാഗ്ദാനങ്ങൾ

രണ്ടാമത്തെ നിയമം ഒന്നാമത്തേതിനേക്കാൾ ശ്രേഷ്ഠമാണ് കാരണം രണ്ടാമത്തേതിലെ വാഗ്ദാനങ്ങൾ ഒന്നാമത്തേതിലേക്കാൾ ശ്രേഷ്ഠമാണ് (എബ്രായർ 8:6). അവരുടെ അനുസരണം നിത്യരക്ഷക്കു കാരണഭൂതമാകും എന്നു ദൈവം യിസ്രായേലിനോടു പറഞ്ഞില്ല (എബ്രായർ 5:9), അതായതു സ്വർഗ്ഗത്തിൽ (1 പത്രൊസ് 1:3, 4). ദൈവത്തോടു സാദൃശ്യമായ ശരീരം ഉയിർത്തെഴുന്നേല്പിൽ ലഭിക്കുമെന്നു, പഴയനിയമത്തിൽ പറഞ്ഞിട്ടില്ല (ഫിലിപ്പിയർ 3:21; 1 യോഹന്നാൻ 3:2). രണ്ടാമത്തെ നിയമത്തിൻകീഴിൽ വിശ്വസ്തമായി ജീവിക്കുന്നവർക്കു അവൻ അതു വാഗ്ദാനം ചെയ്തിട്ടുണ്ട്. പഴയ നിയമത്തിലെ ദീർഘായുസ്സും ഭൗതിക സമൃദ്ധിയും യിസ്രായേൽ രാജ്യത്തുള്ളവർക്കു പഴയ നിയമത്തിൽ വാഗ്ദാനം ചെയ്തു എങ്കിൽ അതിനേക്കാൾ ശ്രേഷ്ഠമായ വാഗ്ദാനങ്ങളാണ് പുതിയ നിയമത്തിലുള്ളത് (ആവർത്തന പുസ്തകം 5:33).

യിസ്രായേലുമായി ദൈവം ചെയ്ത നിയമത്തിൽ നിത്യ ജീവൻ അല്ലെങ്കിൽ സ്വർഗ്ഗം വാഗ്ദാനം ചെയ്തിരുന്നില്ല. അത്തരം വാഗ്ദാനങ്ങൾ അതിൽ ഇല്ലാതിരുന്നതുകൊണ്ട്, അതനുസരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരുന്നില്ല നിത്യജീവനും സ്വർഗ്ഗവും.

പഴയ നിയമത്തിൽ അത്തരം വാഗ്ദാനങ്ങൾ ഉണ്ടായിരുന്നെങ്കിൽ, പുതിയ നിയമം ശ്രേഷ്ഠമാകുമായിരുന്നില്ല. നേരെ മറിച്ചു, ഭൂമിയെ രൂപാന്തരപ്പെടുത്തി സമൃദ്ധമാക്കിയെടുക്കുന്നതാണ് പുതിയ നിയമം എങ്കിൽ, അതിൽ ഒന്നാമത്തെ നിയമത്തിലെ വാഗ്ദാനങ്ങളേക്കാൾ ശ്രേഷ്ഠമായ വാഗ്ദാനങ്ങൾ ഉണ്ടാകുമായിരുന്നില്ല.

പുതിയ നിയമം വ്യത്യസ്തവും ശ്രേഷ്ഠവുമാണ്. അതു ശ്രേഷ്ഠ വാഗ്ദാനങ്ങളാലാണ് സ്ഥാപിച്ചത് (എബ്രായർ 8:6). കൂടാതെ, അതിൽ ശ്രേഷ്ഠനായ ഒരു നിയമ ദാതാവുണ്ട് (എബ്രായർ 3:3), മദ്ധ്യസ്ഥനുണ്ട് (എബ്രായർ 12:24), പ്രത്യാശയുണ്ട് (എബ്രായർ 7:19), പൗരോഹിത്യമുണ്ട് (എബ്രായർ 7:21–24), യാഗമുണ്ട് (എബ്രായർ 9:23), സമ്പത്തുണ്ട് (എബ്രായർ 10:34; 11:16), അവകാശമുണ്ട് (1 പത്രൊസ് 1:3, 4).

**ഉപസംഹാരം**

വ്യത്യസ്തരായ ആളുകളോടു ദൈവം വ്യത്യസ്ത നിയമങ്ങളാൽ ഇടപെടുന്നു. യിസ്രായേൽ ജനത്തിനു മോശെ മുഖാന്തരം കൊടുത്ത നിയമം ക്രിസ്തു മുഖാന്തരം നല്കിയ പുതിയ നിയമത്തേക്കാൾ താഴ്ന്നതായിരുന്നു; ക്രിസ്തീയ കാലത്തു, നമുക്ക് വിലയേറിയ വാഗ്ദാനങ്ങളിന്മേൽ സ്ഥാപിച്ച ശ്രേഷ്ഠമായ ഒരു നിയമം ഉണ്ട്.

---

കുറിപ്പുകൾ

[1]പിന്നീടു ഈ പുസ്തകത്തിൽ കാണുന്ന "പുതിയ നിയമം – പൂർണ്ണ പാപമോചനം," എന്നതു നോക്കുക. [2]മത്തായി 5:34; 6:1–3, 7, 8, 16; 7:1, 6; 23:3, 8, 9 നോക്കുക. [3]റോമർ 12:2, 3, 11, 14, 16, 19; 13:13; 15:1; എഫേസ്യർ 5:7, 18; 6:4, 6; കൊലൊസ്യർ 3:2, 9, 19, 21, 22.

## പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം

| ഒന്നാമത്തെ നിയമം | രണ്ടാമത്തെ നിയമം |
|---|---|
| 1. ശപിക്കുന്നു (ഗലാത്യർ 3:10) | 1. അനുഗ്രഹങ്ങൾ (ഗലാത്യർ 3:13, 14) |
| 2. കരുണയില്ല (എബ്രായർ 10:28) | 2. കരുണയുണ്ട് (എബ്രായർ 8:12) |
| 3. ശിക്ഷാവിധി (2 കൊരിന്ത്യർ 3:9; ഗലാത്യർ 2:21) | 3. നീതി (2 കൊരിന്ത്യർ 5:21); ശിക്ഷാവിധിയില്ല (റോമർ 8:1) |
| 4. മരണം (2 കൊരിന്ത്യർ 3:7; റോമർ 8:2) | 4. ജീവൻ (റോമർ 8:2) |
| 5. പ്രയോജനമില്ലാത്ത യാഗം (എബ്രായർ 10:4, 11) | 5. ഫലപ്രദമായ യാഗം (മത്തായി 26:28) |
| 6. പാപേച്ഛകളെ ഇളക്കി (റോമർ 7:5, 8) | 6. പാപേച്ഛകളെ അതിജീവിക്കുവാൻ സഹായിക്കുന്നു (ഗലാത്യർ 5:16) |
| 7. ജഡം മൂലം ബലഹീനം (റോമർ 8:3); ഉപയോഗ രഹിതം (എബ്രായർ 7:18) | 7. ആത്മാവു മൂലം ശക്തി (എഫെസ്യർ 3:16) |
| 8. കോപം (റോമർ 4:15) | 8. നിരപ്പു (കൊലൊസ്യർ 1:22) |
| 9. അക്ഷരം കൊല്ലുന്നു (റോമർ 7:6; 2 കൊരിന്ത്യർ 3:6) | 9. ആത്മാവു ജീവിപ്പിക്കുന്നു (റോമർ 7:6; 2 കൊരിന്ത്യർ 3:6) |
| 10. അപൂർണ്ണത (എബ്രായർ 8:7) | 10. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായ പ്രമാണം (യാക്കൊബ് 1:25) |

ന്യായപ്രമാണം മനുഷ്യന്റെ പാപത്തെ ചൂണ്ടികാണിക്കയാണ് ചെയ്തത്, അല്ലാതെ മനുഷ്യന്റെ പാപത്തോടുള്ള പോരാട്ടത്തിൽ പരിഹാരം ഇല്ലായിരുന്നു. ഒരു പുതിയ വഴി ആവശ്യമായിരുന്നു. ഒന്നാമത്തേതിനു ചെയ്യാൻ കഴിയാതിരുന്നതും, രണ്ടാമത്തേതിനു ചെയ്യാൻ കഴിയുന്നതും താഴെ കൊടുത്തിരിക്കുന്നതു വ്യക്തമാക്കും; ''ജഡത്താലുള്ള ബലഹീനത നിമിത്തം, ന്യായപ്രമാണത്തിനു കഴിയാത്തതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശത്തിലും പാപം നിമിത്തവും അയച്ചു" (റോമർ 8:3).

| ആദ്യ നിയമത്തിനു കഴിയാത്തത്: | രണ്ടാമത്തെ നിയമത്തിനു കഴിയുന്നത്: |
|---|---|
| 1. നീതീകരിക്കുവാൻ (റോമർ 3:20; ഗലാത്യർ 2:16; 3:11, 12) | 1. നീതീകരിക്കുന്നു (റോമർ 5:1) |
| 2. അവകാശികളാക്കുവാൻ (റോമർ 4:14) | 2. അവകാശികളാകുന്നു (റോമർ 8:17; ഗലാത്യർ 4:7) |
| 3. നീതിമാനാക്കുവാൻ (ഗലാത്യർ 2:21, 22) | 3. നീതിമാനാകുന്നു (റോമർ 3:21, 22) |
| 4. അനുഗ്രഹിക്കുവാൻ (ഗലാത്യർ 3:10) | 4. അനുഗ്രഹിക്കുന്നു (എഫെസ്യർ 1:3) |
| 5. അവകാശം നൽകുവാൻ (ഗലാത്യർ 3:18) | 5. അവകാശം നല്കുന്നു (ഗലാത്യർ 3:29) |
| 6. ജീവൻ നല്കുവാൻ (ഗലാത്യർ 3:21) | 6. ജീവൻ നല്കുന്നു (1 യോഹന്നാൻ 5:11) |
| 7. രക്ഷിക്കുവാൻ (റോമർ 10:1)[1] | 7. രക്ഷിക്കുന്നു (പ്രവൃത്തികൾ 4:12; എബ്രായർ 7:25) |
| 8. തികവുള്ളവരാക്കുവാൻ (എബ്രായർ 7:19) | 8. തികവുള്ളവരാകുന്നു (എബ്രായർ 10:14) |
| 9. പാപങ്ങൾ ക്ഷമിക്കുവാൻ (എബ്രായർ 10:4) | 9. പാപങ്ങൾ ക്ഷമിക്കുന്നു (മത്തായി 26:28) |

ഒന്നാമത്തെ നിയമത്തിനു - അതിന്റെ കല്പനകൾക്കും, ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും - യേശുക്രിസ്തു കൊണ്ടു വന്നതു നല്കുവാൻ കഴിഞ്ഞില്ല: "ഒന്നാമത്തേതു കുറവില്ലാത്തതായിരുന്നു എങ്കിൽ, രണ്ടാമത്തേതിനു ഇടം അന്വേഷിക്കയില്ലായിരുന്നു" (എബ്രായർ 8:7).

---

കുറിപ്പ്

[1]പൗലൊസ് പറയുന്നതിന്റെ സൂചന എന്തെന്നാൽ ക്രിസ്തീയ കാലഘട്ടത്തിൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ ചെയ്തു രക്ഷ പ്രാപിക്കുവാൻ ശ്രമിക്കുന്നവർ നഷ്ട്ടപ്പെട്ടവരാണ് എന്നത്രെ.

© 2009 Truth for Today